Draft #3 of File 21541/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 13-Nov-2019 07:10 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണം - അസാധാരണ ഗസറ്റ് വിജ്ഞാപനങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുന്നതിന് ക്ഷമതയുള്ള അധികാരിയായി ഡെപ്യൂട്ടി രജിസ്ട്രാർ - 2 (ഭരണവിഭാഗം)-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 5653/AD A 3/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.11.2019

---

പരാമർശം:-1) സർക്കുലർ നം. 38177/H3/14/ഉ.വി.വ. തീയതി 30.04.2019

2) പുറത്തെഴുത്ത് നമ്പർ 21541/ADA3/4/2019/ADMIN തീയതി 19.10.2019

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം, അസാധാരണ (എക്സ്ട്രാ ഓർഡിനറി) ഗസറ്റ് വിജ്ഞാപനങ്ങൾ ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പരാമർശം (2) പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയിരുന്നു.

അസാധാരണ ഗസറ്റിൽ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചുവരുന്ന വകുപ്പുകളും സ്ഥാപനങ്ങളും ഇലക്ട്രോണിക് മാധ്യമം വഴി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്, ക്ഷമതയുള്ള അധികാരിക്ക് യൂസർ നെയിമും പാസ്സ്‌വേർഡും ലഭിക്കുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെൻ നമ്പർ, മൊബൈൽ നമ്പർ, വകുപ്പ്, ഓഫീസ് മുതലായവ അച്ചടി വകുപ്പിന്റെ gazette.printing@kerala.gov.in എന്ന വിലാസത്തിലേക്ക് അയച്ചു നല്കേണ്ടതാണെന്നും പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ക്ഷമതയുള്ള അധികാരിയായി **ഡെപ്യൂട്ടി രജിസ്ട്രാർ - 2 (ഭരണവിഭാഗം)**-നെ ചുമതലപ്പെടുത്തി രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരണത്തിനായി വിജ്ഞാപനങ്ങൾ നൽകുമ്പോൾ ക്ഷമതയുള്ള അധികാരി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1. അച്ചടി വകുപ്പിൽ നിന്നും നൽകുന്ന യൂസർ നെയിമും പാസ്സ്‌വേർഡും ഉപയോഗിച്ച് മാത്രമേ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകാവൂ. ഇത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന് ഡിജിറ്റൽ സിഗ്നേച്ചർ ഉണ്ടായിരിക്കേണ്ടതാണ്.
2. ക്ഷമതയുള്ള അധികാരി www.printing.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള Guidelines for e-publishing of Extra Ordinary Gazette Notifications എന്ന ലിങ്കിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരണമായി തയ്യാറാക്കിയിട്ടുള്ള സംഗതി (matter), ഡിജിറ്റൽ സിഗ്നേച്ചർ സഹിതമാണ് നൽകേണ്ടത്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനങ്ങളിൽ അച്ചടി വകുപ്പിൽ നിന്നും യാതൊരുവിധ തിരുത്തലും വരുത്തുന്നതിന് സാധ്യമല്ലാത്തതിനാൽ, പ്രസിദ്ധപ്പെടുത്തുന്നതിനായി അയക്കുന്ന വിജ്ഞാപനങ്ങളുടെ ഉള്ളടക്കം പൂർണ്ണമായും തെറ്റ് ഇല്ലാത്തതാണെന്ന് ക്ഷമതയുള്ള അധികാരി ഉറപ്പാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം)
2) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
4) എ ആർ / ഡി ആർ / ജെ ആർ (ഭരണം, പരീക്ഷ,അക്കാദമിക്,ഫിനാൻസ് )
5) എല്ലാ സെക്ഷനുകളും വകുപ്പുകളും
6) CITAD, IQAC, CMS
7) റെക്കോർഡ് സെക്ഷൻ, സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 21541/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 13-Nov-2019 07:10 PM - Page 2